## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3648** | **15/03/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>● കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ്വ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>● ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി "Software Integration" ന് വേണ്ടിയുള്ള RFP അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ● കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ലീഗൽ സെൽ സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.<br>● 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കി പത്ര ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായി കഴിഞ്ഞു.<br>● 15 ബാങ്കുകളുടെയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ നിശ്ചയിക്കുന്നതിനുള്ള RFP തയ്യാറാക്കി വരുന്നു.<br>● മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ച് വരുന്നു.<br>● ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുമുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br>● കേരള ബാങ്കിലേക്കുള്ള പുതിയ ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു. |
| (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ബാങ്ക് പ്രവർത്തനം ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 2018 കലണ്ടർ വർഷത്തിൽ കേരള സഹകരണ ബാങ്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ